File No.TRANS-C3/32/2020-TRANS

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (സി) വകുപ്പ്

സ.ഉ.(സാധാ) നം.129/2020/ഗതാഗതം

തീയതി,തിരുവനന്തപുരം, 16/04/2020

പരാമർശം:- 1 സ.ഉ.(അച്ചടി) നമ്പർ 19/2019/ഗതാഗതം തീയതി 09.04.2019.

2 ട്രാൻസ്പോർട്ട് കമ്മീഷണറുടെ 23.01.2020-ലെ A1/e-96347/2019/TC-നമ്പർ കത്ത്

## ഉത്തരവ്

ട്രാൻസ്പോർട്ട് കമ്മീഷണറുടെ പരാമർശം (2) പ്രകാരമുള്ള കത്തിൽ മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ശ്രീ.വി. സുരേഷ്കുമാർ 30.06.2019-ൽ സർവീസിൽ നിന്നും വിരമിച്ചതിനാൽ വകുപ്പിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയിൽ ഒഴിവ് വന്നിട്ടുണ്ട് എന്നും, പ്രസ്തുത ഒഴിവിലേക്ക് 30.04.2020-ൽ സർവീസിൽ വിരമിക്കുന്ന ശ്രീ.ഷാജി ജോസഫ്, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 03.06.1999-ലെ 5328/Rules-1/99/P&ARD-നമ്പർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ഏറ്റവും സീനിയർ ആയ ശ്രീ.ഷാജി ജോസഫിനെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയിലേക്ക് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 31 (a)(i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചും നിലവിൽ ഒഴിവുള്ള ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആയി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, തിരുവനന്തപുരത്ത് നിയമിച്ചും ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYAMOHAN

അഡിഷണൽ സെക്രട്ടറി

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.ഷാജി ജോസഫ്, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

കരുതൽ ഫയൽ.